LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും ഓഫീസിനും എതിരെ കേരള ലോകായുക്തയിൽ പരാതി ലഭിച്ചിട്ടുണ്ട്. കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ഈ വിഷയത്തിൽ മുൻ മന്ത്രിയും നിയമസഭാംഗവുമായ ശ്രീ. കെ. ബി. ഗണേഷ് കുമാർ മൊഴി നൽകിയിട്ടില്ല, ആയതിന് സമയം ചോദിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും ആഫീസിനും എതിരെ യാതൊരു അന്വേഷണവും വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിൽ നടക്കുന്നില്ല.

ട്രാവൻകൂർ ടൈറ്റാനിയം കമ്പനി അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം

251 (257) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതിയിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസിന് ലഭിച്ച പരാതികൾ എത്ര; അതിൽ ഏതെല്ലാം പരാതികൾ സംബന്ധിച്ച് അന്വേഷണം നടത്തി എഫ്.ഐ.ആർ. കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും എന്ന് സമർപ്പിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) ഇപ്പോഴും അന്വേഷണത്തിലിരിക്കുന്ന പരാതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(സി) കോടതിയിൽ സമർപ്പിക്കപ്പെട്ട എഫ്.ഐ.ആർ. പ്രകാരം പ്രതികളായിട്ടുള്ളവർ ആരൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇപ്പോൾ അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ വിജിലൻസ് സംഘമാണെന്ന് വെളിപ്പെടുത്താമോ;

(ഇ) പാറ്റൂർ സ്വദേശി സുനിൽ നൽകിയ പരാതിയിൽ കുറ്റക്കാരായ ആരെയെല്ലാം ശിക്ഷിക്കണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) അന്വേഷണം നടക്കുന്ന മറ്റ് പരാതികൾ ആർക്കെല്ലാം എതിരായിട്ടുള്ളതാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രീ. സെബാസ്റ്റ്യൻ ജോർജ്, ശ്രീ. ജി. സുനിൽ , ശ്രീ. ജയൻ, സേവ് ടൈറ്റാനിയം ഫോറം എന്ന് സംഘടന എന്നിവരുടെ പരാതികൾ പ്രസ്തുത വിഷയം സംബന്ധിച്ച് ലഭിച്ചിട്ടുണ്ട്. ശ്രീ. സെബാസ്റ്റ്യൻ ജോർജിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം ഒരു വിജിലൻസ് എൻക്വയറി (വി.ഇ. 30/2006/എസ്.ഐ.യു.-I) നടത്തുകയുണ്ടായി. അതിനുശേഷം ശ്രീ. സെബാസ്റ്റ്യൻ ജോർജ് തന്ന പരാതികളെല്ലാം ഈ വിജിലൻസ് എൻക്വയറിയുമായി കൂട്ടി യോജിപ്പിച്ച് അന്വേഷണം നടത്തി. ശ്രീ. ജി. സുനിൽ നൽകിയ സി.എം.പി.-യും സേവ് ടൈറ്റാനിയം ഫോറം എന്ന സംഘടനയുടെ പരാതിയും ശ്രീ. ജയൻ, യമുന നഗർ, മണക്കാട്, തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ച (സി.എം.പി.നമ്പർ 802/11) പരാതിയും കോടതിയുടെ നിർദ്ദേശപ്രകാരം വിജിലൻസ് എൻക്വയറിയുമായി കൂട്ടിയോജിപ്പിച്ച് അന്വേഷണം നടത്തി എഫ്.ഐ.ആർ. തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ 20-1-2015 -ൽ സമർപ്പിച്ചു.

(ബി) ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ അന്വേഷണത്തിലിരിക്കുന്ന പരാതികൾ ഒന്നുംതന്നെയില്ല.

(സി) എ 1. - മാനേജിംഗ് ഡയറക്ടർ (ടൈറ്റാനിയം)

എ 2. - ഈപ്പൻ ജോസഫ് (മുൻ മാനേജിംഗ് ഡയറക്ടർ)

എ 3. - സന്തോഷ് കുമാർ, ചീഫ് മാനേജർ (മാർക്കറ്റിംഗ്)

എ 4. - എ. എം. ഭാസ്കരൻ (എക്സിക്യൂട്ടീവ് ഡയറക്ടർ)

എ 5. - തോമസ് മാത്യു (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ)

എ 6. - ബി. ഗോപകുമാരൻ നായർ (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ)

(ഡി) ശ്രീ. റ്റി. അജിത് കുമാർ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-I-ന്റെ നേതൃത്വത്തിലാണ് അന്വേഷണം നടന്നിരുന്നത്.

(ഇ) പാറ്റൂർ സ്വദേശി ശ്രീ. ജി. സുനിൽ കോടതിയിൽ സമർപ്പിച്ച പരാതി (സി.എം.പി നമ്പർ 845/06), ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്, ഈപ്പൻ ജോസഫ്, സന്തോഷ് കുമാർ, എ. എം. ഭാസ്കരൻ, തോമസ് മാത്യു, ബി. ഗോപകുമാരൻ നായർ എന്നിവർക്കെതിരെയായിരുന്നു.

(എഫ്) ഇപ്പോൾ അന്വേഷണം ഒന്നും നടക്കുന്നില്ല.